# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4117 — 24-10-2016 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

**ശ്രീ.യു.ആർ.പ്രദീപ്** — **ശ്രീ.പിണറായി വിജയൻ**
ബഹു.മുഖ്യമന്ത്രി

**കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി പ്രപ്പോസലുകൾ സമർപ്പിക്കാൻ നടപടി**

| | | |
|---|---|---|
| (എ) | ഫെബ്രുവരിയിൽ അവതരിപ്പിക്കുന്ന കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന തിനായിട്ടുള്ള വിവിധ വകുപ്പുകളിലെ വികസന പ്രവൃത്തികളുടെ പ്രപ്പോസലുകൾ യഥാസമയം തന്നെ സമർപ്പിക്കുന്നതിനും അനുമതി വാങ്ങിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അയച്ചു കൊടുക്കുന്നതിനും അത് കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശം എല്ലാ ഭരണവകുപ്പുകൾക്കും ധനവകുപ്പ് വഴി താമസംവിനാ നൽകുന്നതാണ്. മുൻ കാലങ്ങളിൽ സംസ്ഥാനത്തിന്റെ ശിപാർശകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കാത്ത പശ്ചാത്തലത്തിൽ കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് നിർദ്ദേശങ്ങളുടെ പ്രാധാന്യം ബോധിപ്പിക്കുന്ന തിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇതിനു പുറമേ കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രി സാധാരണ വിളിച്ച് ചേർക്കാറുള്ള സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കുന്നതാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതുകൊണ്ട് വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം കുറഞ്ഞു പോകുന്നുവെന്ന് വാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ മുന്നൊരുക്കങ്ങൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**